# പതിനാലാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1908 — 05.10.2016 ന് മറുപടിയ്ക്ക്

## കാട്ടാനകളെ തുരത്താൻ ദ്രുതകർമ്മസേന

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.പാറക്കൽ അബ്ദുല്ല | അഡ്വ. കെ.രാജു<br>(വനവും, മൃഗസംരക്ഷണവും, മൃഗശാലകളും വകുപ്പുമന്ത്രി) |
| (എ) നാട്ടിൽ ഇറങ്ങി കൃഷി നശിപ്പിക്കുകയും ജനജീവിതത്തിന് ഭീഷണി ഉയർത്തുകയും ചെയ്യുന്ന കാട്ടാനകളെ തുരത്താൻ ദ്രുതകർമ്മസേന എന്തെങ്കിലും പുതിയ സംവിധാനത്തിന് രൂപം നൽകിയിട്ടുണ്ടോ; | (എ) നാട്ടിലിറങ്ങി പ്രശ്നമുണ്ടാക്കുന്ന കാട്ടാനകളെ തുരത്താൻ നടപടികൾക്ക് രൂപം നൽകിയിട്ടുണ്ട്. |
| (ബി) എങ്കിൽ എന്തൊക്കെ സംവിധാനങ്ങളാണ് ഇപ്പോൾ ഇതിനായി ദ്രുതകർമ്മസേന അനുവർത്തിക്കുന്നത്; | (ബി) വയനാട് മേഖലയിൽ നാട്ടിൽ ഇറങ്ങി കൃഷി നശിപ്പിക്കുകയും ജനജീവിതത്തിന് ഭീഷണി ഉയർത്തുകയും ചെയ്യുന്ന കാട്ടാനകളെ തിരിച്ച് കാട്ടിലെത്തിക്കുവാനുള്ള പുതിയ സംവിധാനമായി കുങ്കി ആനകളെ ഉപയോഗിച്ചു വരുന്നു. |
| (സി) ആനകളെ കണ്ടാൽ ദ്രുതകർമ്മ-സേനയെ വിവരമറിയിക്കാത്തതും ആനകളുടെ അടുത്തുപോയി മൊബൈൽ ഫോണിൽ പടമെടുക്കുന്നതും അക്രമങ്ങൾ കൂടുന്നതിന് കാരണമാവുന്നുണ്ടോ; | (സി) ഉണ്ട്. |
| (ഡി) എങ്കിൽ ജനങ്ങളുടെ ഭീതി അകറ്റുന്നതിനും കാട്ടാനകളെ ചെറുക്കുന്നതിനും എന്തൊക്കെ നടപടികൾ കൈക്കൊള്ളും; വിശദാംശങ്ങൾ നൽകുമോ? | (ഡി) വനവുമായി അതിർത്തി പങ്കിടുന്ന മേഖലകളിൽ ജനപ്രതിനിധികളെ ഉൾപ്പെടുത്തി ജാഗ്രതാ-സമിതികൾ രൂപീകരിക്കുന്ന കാര്യം പരിഗണിച്ചു വരുന്നു. കാട്ടാനകൾ ഉൾപ്പെടെയുള്ള വന്യമൃഗങ്ങൾ കാർഷിക മേഖലയിലേക്ക് ഇറങ്ങുന്നത് സംബന്ധിച്ച് മുന്നറിയിപ്പ് കർഷകർക്ക് നൽകുന്നതിന് Early Warning SMS Alert System വയനാട്, മൂന്നാർ എന്നിവിടങ്ങളിൽ വിജയകരമായി നടപ്പിലാക്കി. ഈ സംവിധാനം കണ്ണൂർ ജില്ലയിലെ ആറളത്ത് നടപ്പിലാക്കുന്നതിന് വേണ്ട നടപടികൾ അന്തിമഘട്ടത്തിലാണ്. |

Valsala S.D

സെക്ഷൻ ഓഫീസർ